I/202422/2024

# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആ വ ഡ: ജീവനക്കാര്യം : സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ നിന്നും ജില്ലാ ഒഫ്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിലേക്ക് നോഷണൽ ആയി സ്ഥാനകയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇ .സി 6-73965/2018/ആ വ ഡ തീയതി 14.01.2019

2. ഇ എഫ് 4-78478/2020/ആ വ ഡ തീയതി. 05.12.2022

3. ഇ എസ്2/6026/2023/ആ വ ഡ തീയതി 29.05.2023

4. സ.ഉ (സാധാ) നം.1267/2023/H&FWD തീയതി 27.05.2023

5.ഇ എഫ് 4-30902/2016/ആ വ ഡ തീയതി 22.08.2022

6. ഇ എസ്2/22932/2023/ആ വ ഡ തീയതി 23.04.2024.

## ഉത്തരവ് നമ്പർ ഇ എഫ്-4/9657/2024/ആ വ ഡ തീയതി. 03-05-2024

സീനിയർ ഒപ്റ്റോമെട്രിസ്റ്റ് ശ്രീ. ഉദയകുമാർ. ഇ. ബി. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തു വരവെ പോക്സോ കേസിൽ ഉൾപ്പെടുകയും, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്തതിനാൽ ടിയാനെ അച്ചടക്ക നടപടിക്കും തുടർ അന്വേഷണത്തിനും വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് പരാമർശ (1)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശ (2) പ്രകാരം ടിയാനെ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവായിരുന്നു. പരാമർശ (3) പ്രകാരമുള്ള സീനിയർ ഒപ്റ്റോമെട്രിസ്റ്റ് സീനിയോറിറ്റി പട്ടികയിൽ ടിയാനെ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല.

3. ശ്രീ. ഉദയകുമാർ. ഇ. ബി. സീനിയർ ഒപ്റ്റോമെട്രിസ്റ്റിനെ കോടതി കുറ്റവിമുക്തനാക്കിയതിനാൽ ടിയാനെ വകുപ്പ് തല ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി. പരാമർശം(4) പ്രകാരം സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചും ടി കാലയളവിലെ ശമ്പളവും ബത്തകളും ഉപജീവനബത്തയ്ക്ക് തുല്യമായ തുകയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചും തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 56ബി (9) പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ക്രമീകരിക്കാൻ നിർദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനാൽ ടിയാന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകിയും സേവനം ക്രമീകരിച്ചും വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. പരാമർശ (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നതിനാൽ പരാമർശം (5) പ്രകാരമുള്ള ജില്ലാ ഒഫ്ത്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിലേക്കുള്ള പ്രമോഷൻ ടിയാന് ലഭിക്കുകയുണ്ടായില്ല.

5. ശ്രീ. ഉദയകുമാർ ഫയൽ ചെയ്ത O.A (EKM) No. 1519/2023-ൽ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പടുവിച്ച 14/9/2023- ലെ വിധിന്യായത്തിൽ താഴെപ്പറയുന്ന പ്രകാരം ഉത്തരവായിരുന്നു.

**----As the applicant is acquitted and exonerated in the proceedings and he is due to retire from service on 31/5/2024, appropriate steps shall be taken for convening review DPC within a period of 2 months.**

6. ക്രിമിനൽ കേസിലും വകുപ്പ് തല അച്ചടക്ക നടപടിയിലും പൂർണ്ണമായും കുറ്റ വിമുക്തനാക്കപ്പെട്ടതിനാൽ പരാമർശം (6) പ്രകാരം ജില്ലാ ഒഫ്ത്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാനുള്ള 2022ലെ സെലെക്ട് ലിസ്റ്റിൽ ടിയാന്റെ തൊട്ടു ജൂനിയറായ ശ്രീമതി നക്ഷത്രവല്ലി.സിക്കു മുകളിലായി ടിയാന് സ്ഥാനം നൽകി പ്രസ്തുത സെലക്ട് ലിസ്റ്റ് നിലവിൽ റിവൈസ് ചെയ്തിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ സീനിയർ ഒപ്റ്റോമെട്രിസ്റ്റ് ശ്രീ. ഉദയകുമാർ. ഇ.

ബി-ക്കു 7/12/2022 ലെ Rules.1/138/2021/P&ARD നമ്പർ സർക്കുലർ പ്രകാരം ടിയാന്റെ ഇമ്മീഡിയറ്റ് ജൂനിയർ ആയ ശ്രീമതി. നക്ഷത്രവല്ലിക്കു ജില്ലാ ഒഫ്താൽമിക് കോ ഓർഡിനേറ്റർ ആയി സ്ഥാനക്കയറ്റം നൽകിയ പരാമർശം 5 ഉത്തരവ് തീയതി മുതൽ (i.e 22/8/2022) നോഷണൽ ആയി ജില്ലാ ഒഫ്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിലേക്ക് Rs.51400-110300/-ശമ്പളസ്കെയിലിൽ പ്രൊമോഷൻ നൽകി ടി വ്യക്തിയുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനനത്തീയതി | നിയമിക്കുന്ന സ്ഥാപനം | സ്ഥാനക്കയറ്റ പ്രാബല്യത്തീയതി |
|---|---|---|---|---|---|
| 1 | 7 A | ഉദയകുമാർ. ഇ. ബി. താലൂക്ക് ആസ്ഥാന ആശുപത്രി, നെടുങ്കണ്ടം, ഇടുക്കി | 30.05.1968 | ജില്ലാ ആശുപത്രി, ഇടുക്കി | 22.08.2022 (Notional) |

8. മേൽപ്പറഞ്ഞ നോഷണൽ പ്രൊമോഷന് 25/11/2010- ലെ GO(P) No. 629/2010/Fin പ്രകാരം back arrears of pay and allowances അനുവദനീയമായിരിക്കുകയില്ല.

9. ടിയാൾ യഥാസമയം ആർ. റ്റി.സി സമർപ്പിക്കേണ്ടതാണ്.

10. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Dr Reena K J
Date: 03-05-2024 13:12:13

**ആരോഗ്യവകുപ്പ് ഡയറക്ടർ**

I/202422/2024

**സ്വീകർത്താവ്**

ഉദയകുമാർ. ഇ. ബി.

സീനിയർ ഒപ്റ്റോമെട്രിസ്റ്റ്,

താലൂക്ക് ആസ്ഥാന ആശുപത്രി,

നെടുങ്കണ്ടം, ഇടുക്കി

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ കേരള (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ , എറണാകുളം ( ആമുഖ കത്ത് സഹിതം )

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

ഫയൽ കരുതൽ ഫയൽ